**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 121** **10.02.2020-ൽമറുപടിയ്ക്ക്**

**വാഹന പരിശോധന കർശനമാക്കുന്നതിന് നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി യു. പ്രതിഭ**<br>**ശ്രീ.കാരാട്ട് റസാഖ്**<br>**ശ്രീ. പി. കെ. ശശി**<br>**ശ്രീ. ജോൺ ഫെർണാണ്ടസ്** | | **ശ്രീ.എ.കെ.ശശീന്ദ്രൻ**<br>**(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | വാഹനപ്പെരുപ്പവും റോഡ് സംസ്കാരത്തിന്റെ അഭാവവും റോഡുകളുടെ അവസ്ഥയും കാരണം വാഹനാപകടം വർദ്ധിച്ചു വരികയും 2019 ൽ നാലായിരത്തിലധികം പേർക്ക് ജീവഹാനിയുണ്ടാകുകയും ചെയ്തതിന്റെ പശ്ചാത്തലത്തിൽ ഗതാഗത നിയമലംഘന പരിശോധന കർശനമാക്കാനും വ്യാപിപ്പിക്കാനും മോട്ടോർ വാഹന വകുപ്പ് നടപടിയെടുക്കുമോ; | (എ) | റോഡപകടങ്ങളും അത് മൂലമുണ്ടാകുന്ന മരണ നിരക്കും കുറയ്ക്കുക എന്ന ഉദ്ദേശത്തോടെ മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റോഡപകടങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ 'സേഫ് കേരള' എന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ ജില്ലകളിലും ഓരോ എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരെ നിയമിക്കുകയും അവരുടെ കീഴിൽ ആകെ 85 സ്ക്വാഡുകളെ വിന്യസിക്കുകയും ചെയ്തിട്ടുണ്ട്. ഈ 85 സ്ക്വാഡുകളിലായി 85 മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരെയും 255 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരെയും നിയമിച്ചിട്ടുണ്ട്. ഇത്തരം സ്ക്വാഡുകൾ 8 മണിക്കൂർ ദൈർഘ്യമുള്ള 3 ഷിഫ്റ്റുകളിലായി 24 മണിക്കൂറും പ്രവർത്തിക്കുന്നു.<br>കേരളത്തിൽ ഇത്തരം സ്ക്വാഡുകളുടെ പ്രവർത്തനങ്ങൾ ആധുനീകരിക്കപ്പെടുന്നതിന്റെ ഭാഗമായി 17 ഇന്റർസെപ്റ്റർ വാഹനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഈ സ്ക്വാഡുകളുടെ സുഗമമായ പ്രവർത്തനത്തിന് 14 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്ക് വേണ്ടി പുതിയ ഓഫീസുകൾ തുടങ്ങുവാനുള്ള നടപടികൾ നടന്നുവരുന്നു. കൂടാതെ ഈ സ്ക്വാഡുകളുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ വാഹനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു.<br>മോട്ടോർ വാഹന വകുപ്പ് കേരളത്തിലാകമാനം |

| | | | |
|---|---|---|---|
| | | | വ്യത്യസ്ത റോഡുകളിലായി 240 ക്യാമറകൾ വിന്യസിച്ചിട്ടുണ്ട്. ഇത്തരം ക്യാമറകളിൽ Red Light Violation, Speed Violation എന്നിവ കണ്ടുപിടിക്കപ്പെടുന്നു. ഇത്തരം ക്യാമറകളുടെ Controlling Station ആയി എറണാകുളത്തും കോഴിക്കോട്ടും ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. നാളിതുവരെ ഇതുപ്രകാരം 2047872 ചെക്ക് റിപ്പോർട്ടുകൾ തയ്യാറാക്കുകയും 47.81 കോടി രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്.<br>ട്രാഫിക് നിയമലംഘനങ്ങൾ കുറയ്ക്കുന്നതിലൂടെ മാത്രമെ അപകട നിരക്ക് കുറയ്ക്കുവാൻ സാധിക്കുകയുള്ളു. നിയമലംഘനങ്ങൾക്ക് ശക്തമായ പിഴ ചുമത്തുകയും ഡ്രൈവിംഗ് ലൈസൻസ് റദ്ദ് ചെയ്യുന്നതിലൂടെ ഇത്തരം പ്രവണതകൾ കുറയ്ക്കുവാൻ സാധിക്കും. 2019 ൽ മോട്ടോർ വാഹന വകുപ്പ് ട്രാഫിക് നിയമലംഘനങ്ങൾക്കെതിരെ 2,76,584 കേസുകൾ രജിസ്റ്റർ ചെയ്യുകയും അവയിൽ നിന്നായി 33,80,72,125/- രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഇവയിൽ പലകേസുകളിലും തുടർനടപടികൾ സ്വീകരിച്ചു വരുന്നു. ഇതുകൂടാതെ 2019 – ൽ വിവിധ ട്രാഫിക് നിയമലംഘനങ്ങളിൽ ഉൾപ്പെട്ടവരുടെ 28020 ലൈസൻസുകൾ റദ്ദ് ചെയ്തിട്ടുണ്ട്. |
| (ബി) | ആധുനികോപകരണങ്ങൾ വാങ്ങാനും ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും പരിപാടിയുണ്ടോ; നിലവിലുള്ള നിരീക്ഷണ ക്യാമറകൾ പ്രവർത്തനസജ്ജമായി നിലനിർത്താൻ നടപടിയെടുത്തിട്ടുണ്ടോ; | (ബി) | ഇന്റർസെപ്റ്റർ വാഹനങ്ങൾ ഉൾപ്പെടെ നിലവിലുള്ള ആധുനിക ഉപകരണങ്ങൾ കൂടാതെ അമിത വേഗത കണ്ടുപിടിക്കുന്നതിനുള്ള Speed radar, മദ്യപിച്ചവരെ കണ്ടുപിടിക്കുന്നതിന് Alco meter എന്നിവ വാങ്ങുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. നിലവിലുള്ള ഇന്റർസെപ്റ്റർ വാഹനങ്ങളിൽ Laser Based Traffic Radar with Integrated Display and Recording, Vehicle Mounted Camera with ANPR System, Breath Analyser with inbuilt printer and Camera, വാഹനങ്ങളുടെ ലൈറ്റുകൾ പരിശോധിക്കുവാനുള്ള Digital Lux Meter, അമിത ശബ്ദം പരിശോധിക്കുന്നതിനുള്ള Sound Level Meter, ഗ്ലാസിന്റെ Transparency |

| | | | |
|---|---|---|---|
| | | | പരിശോധിക്കുന്നതിനുള്ള Transparency Meter, Laptop, Heavy Duly Search Light എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. നിലവിലുള്ള എല്ലാ ക്യാമറകളും പ്രവർത്തനക്ഷമമാണ്. സ്പീഡ് ക്യാമറകളും റെഡ് ലൈറ്റ് വയലേഷൻ ക്യാമറകളുമാണ് മോട്ടോർ വാഹന വകുപ്പിനുള്ളത്. |
| (സി) | ഹെൽമറ്റ്, സീറ്റ് ബെൽറ്റ് പരിശോധനയ്ക്ക് പ്രാധാന്യം നൽകി വരുന്ന രീതി മാറ്റി അമിത വേഗതയും ഗതാഗത നിയമങ്ങൾ ലംഘിച്ചുകൊണ്ടുള്ള ഡ്രൈവിംഗും കർശനമായി തടയുന്ന തരത്തിൽ പരിശോധന ഫലപ്രദമാക്കുന്നതിനും എന്നാൽ ഇത്തരത്തിലുള്ള പരിശോധന മാന്യമായ രീതിയിൽ ആയിരിക്കുന്നതിനും വേണ്ട ഇടപെടൽ ഉണ്ടാകുമോ; | (സി) | ഇരുചക്ര വാഹനങ്ങൾ ഉൾപ്പെടുന്ന അപകടങ്ങളിൽ ഹെൽമെറ്റ് ധരിക്കാത്തതുകൊണ്ടാണ് മരണനിരക്ക് ഉയരുന്നതെന്ന് കണ്ടെത്തിയിട്ടുണ്ട്. സീറ്റ് ബൽറ്റ് ധരിക്കാത്തത് കാറപകടങ്ങളിൽ മരണനിരക്ക് കൂടുന്നതിന് കാരണമാകുന്നു. ആയതിനാൽ ഇക്കാര്യങ്ങൾക്കു പ്രത്യേക ശ്രദ്ധ ചെലുത്തി വരുന്നു. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള കമ്മറ്റിയുടെ പ്രധാന നിർദ്ദേശങ്ങളിൽപെട്ടവയാണ് ഹെൽമെറ്റ്, സീറ്റ് ബൽറ്റ് എന്നിവ നിർബന്ധമാക്കുക എന്നത്. ആയതിനാൽ ഇതിന് പ്രാധാന്യം നൽകേണ്ടതുണ്ട്. എന്നാൽ അമിതവേഗത, മറ്റുള്ള ഗതാഗത നിയമലംഘനങ്ങൾ എന്നിവയ്ക്കെതിരെയും മോട്ടോർ വാഹന വകുപ്പ് കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. Speed violation, Red light violation കണ്ടുപിടിക്കുന്നതിനായി കേരളത്തിലാകമാനം 240 ക്യാമറകൾ വിന്യസിച്ചിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 17 ഇന്റർസെപ്റ്ററുകളിൽ ഇത്തരം നിയമലംഘനങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള യന്ത്രസംവിധാനങ്ങൾ ഉണ്ട്. ഇത്തരം സംവിധാനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിലൂടെ വാഹന ഉടമകൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ സാധിക്കും. |
| (ഡി) | കണ്ടെത്തിയിട്ടുള്ള ബ്ലാക്ക് സ്പോട്ടുകളിൽ അപകടത്തിന്റെ കാരണം കണ്ടെത്തി അത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ഡി) | 2016-18-ലെ റോഡപകടങ്ങളുടെ സ്ഥിതി വിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ കേരള റോഡ് സുരക്ഷാ അതോറിറ്റി നാറ്റ്പാകുമായി സഹകരിച്ച് സംസ്ഥാനത്തെ ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തുന്നതിന് പഠനം നടത്തുകയുണ്ടായി. |

| | | | |
|---|---|---|---|
| | | | നാറ്റ്പാക് ലഭ്യമാക്കിയ അന്തിമ പഠനറിപ്പോർട്ടിൽ 238 ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തിയതായി അറിയിച്ചിട്ടുണ്ട്. പ്രസ്തുത 238 ബ്ലാക്ക് സ്പോട്ടിൽ നാഷണൽ ഹൈവേയിൽ കണ്ടെത്തിയ 159 എണ്ണം പരിഹരിക്കുന്നതിനായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ, MoRTH എന്നിവർക്ക് കൈമാറിയിട്ടുണ്ട്. 2013-15-ൽ നടത്തിയ പഠനത്തിലെ ക്രാഷ് ഡാറ്റാ പ്രകാരം കണ്ടെത്തിയ 46 ബ്ലാക്ക് സ്പോട്ട് പരിഹാര നടപടി പുരോഗമിച്ചു വരുന്നു. പൊതുമരാമത്ത് (റോഡ്സ്) വകുപ്പിന് ബ്ലാക് സ്പോട്ട് പരിഹാരത്തിനായി കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ ഫണ്ടിൽ നിന്നും 22.5 കോടി (ഇരുപത്തിരണ്ട് കോടി അൻപത് ലക്ഷം രൂപ മാത്രം) കൈമാറുന്നതിന് കേരള റോഡ് സുരക്ഷാ അതോറിറ്റി മീറ്റിംഗ് അംഗീകാരം നൽകുകയും ആയതിന്റെ ആദ്യ പടിയായി 6 കോടി രൂപ പൊതുമരാമത്ത് (റോഡ്സ്) വകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട്. തുടർ പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>നിലവിൽ നാറ്റ്പാക് കണ്ടെത്തിയ ബ്ലാക് സ്പോട്ടുകളിൽ മരണ കാരണമായ അപകടങ്ങളും, ഗുരുതരമായ അപകടങ്ങളും കൂടുതൽ നടന്ന സ്ഥലങ്ങൾ കണ്ടെത്തി മുൻഗണനാ ക്രമത്തിൽ അവ പരിഹരിക്കുന്നതിന് നടപടികൾ അതാത് റോഡ് Owning Agencies സ്വീകരിച്ചു വരികയാണ്. |

**സെക്ഷൻ ഓഫീസർ**